**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5481** **13-08-2021 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പ്രീമെട്രിക് , പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിൻ കീഴിലെ ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ആവശ്യമായ കെട്ടിടങ്ങൾക്ക് അവ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി വരുന്നുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ഗ്യാസ് കണക്ഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർപ്യൂരിഫയർ ഹോസ്റ്റലുകളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന്/ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ്കവർ, ബെഡ് ഷീറ്റ് തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ അനുവദിച്ചു നൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, എന്നിവ വാങ്ങി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ സാനിട്ടറി പാഡ് സംസ്കരണ യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉപയോഗ ശൂന്യമായ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും, പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സി.സി.ടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. പട്ടികവർഗ വികസന വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നിരവധി നവീകരണ പ്രവൃത്തികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കുക, ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സി.സി.ടി.വി, മിനി മാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ച വ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി 114 ഹോസ്റ്റലുകളിൽ ബയോ ഹസാർഡ് സ്പിൽകിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാചകം ചെയ്യുന്നതിനുള്ള സമയം കുറയ്ക്കുന്നതിനുമായി ആദ്യഘട്ടത്തിൽ 30 ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം എത്ര രൂപയാണ് ധനസഹായം നൽകി വരുന്നത്; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ 2500/- രൂപയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 2875/- രൂപയും മെസ് ചാർജ്ജായി നൽകിവരുന്നു. കൂടാതെ പോക്കറ്റ് മണിയായി 200 രൂപയും നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നിലവിൽ മെസ് ചാർജ് ഇനത്തിൽ പ്രീമെട്രിക് തലം വരെ 3,000/- രൂപയും പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് 3,450/- രൂപയും നൽകി വരുന്നു. കൂടാതെ ഭക്ഷണേതര ചെലവുകളും വകുപ്പ് നൽകി വരുന്നു. |
| (സി) | പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ മെസ് ചാർജ്ജ് അവസാനമായി വർദ്ധിപ്പിച്ചിട്ടുള്ളത് 26.08.2017 തീയതിയിലും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ മെസ് ചാർജ് അവസാനമായി വർദ്ധിപ്പിച്ചത് 19.08.2017 തീയതിയിലുമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തി മെസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ